കേരള സർക്കാർ

<u>സംഗ്രഹം</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കാലവർഷക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസധനസഹായം വിതരണം ചെയ്യുന്നതിലേയ്ക്കായി ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ട അധിക തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്**

**സ.ഉ.( സാധാ )നം: 3647/ 2018 /റവ.** **തിരുവനന്തപുരം, തീയതി, 03.09.2018**

---

<u>ഉത്തരവ്</u>

പരാമർശം- 1. സ.ഉ.(കൈ) നം. 13/ 2018/ദു.നി.വ .തീയതി 16/ 08/ 2018

2. സ.ഉ.(കൈ) നം. 314/ 18/റവ , തീയതി 24/ 08/ 2018

3. തിരുവനന്തപുരം ,എറണാകുളം ജില്ലാ കളക്ടർമാരുടെ ടെ 01/ 09/ 2018-ലെ A5-135110/ 18 , P1-11111/ 17 എന്നീ നമ്പർ കത്തുകൾ.

പരാമർശ (1) പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി 10,000/- രൂപ സർക്കാർ പ്രഖ്യാപിക്കുകയും അതിൽ 6,200/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകുന്നതിനായി ഉത്തരവാകുകയും ചെയ്തിരുന്നു തുടർന്ന് 14 ജില്ലകളിലെ 3,91,494 കുടുംബങ്ങൾക്ക് ആകെ 242.73 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പരാമർശം (2) പ്രകാരം ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു തുടർന്ന് പരാമർശം 3 പ്രകാരം തിരുവനന്തപുരം , എറണാകുളം എന്നീ ജില്ലാ കളക്ടർമാർ നൽകിയ അഭ്യർഥന അനുസരിച്ച് ടി ജില്ലാ കളക്ടർമാർക്ക് പരാമർശ (2) പ്രകാരം അനുവദിച്ച തുകകൾക്കു പുറമേ താഴെ പറയും പ്രകാരം ആകെ 22,99,45,600/- ( ഇരുപത്തി രണ്ട് കോടി തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി നാൽപത്തിയയ്യായിരത്തി അറുന്നൂറ്) രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 1,53,45,000 |
| എറണാകുളം | 21,46,00,600 |
| **ആകെ** | **22,99,45,600** |

3. വിതരണത്തിനാവശ്യമായി വരുന്ന 22,99,45,600/- ( ഇരുപത്തി രണ്ട് കോടി തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി നാൽപത്തിയയ്യായിരത്തി അറുന്നൂറ്) രൂപ 2075-00-800-40 contribution of Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തുക ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർമാർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പി. എച്ച്. കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി